(എച്ച്) ഉണ്ട്. പൊതുടൂറിസവും ഇക്കോടൂറിസവും തീർത്ഥാടന ടൂറിസവും സമന്വയിപ്പിച്ചുകൊണ്ട് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ രാജ്യത്തെ ആദ്യത്തെ ഇക്കോ ടൂറിസം പദ്ധതിയായ തെന്മല ടൂറിസം പദ്ധതിയിൽ പരിസ്ഥിതിക്ക് കോട്ടം വരാതെയും വനസംരക്ഷണം ഉറപ്പാക്കിയും വിപുലീകരണ പദ്ധതികൾ ശാസ്ത്രീയ പരിസ്ഥിതി പഠനം നടത്തി ഏർപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വിനോദസഞ്ചാരം സംബന്ധിച്ച പശ്ചാത്തല സൗകര്യങ്ങൾ

160 (1095) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ബാബു :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരം സംബന്ധിച്ച പശ്ചാത്തല സൗകര്യങ്ങളിൽ എന്തെല്ലാം പോരായ്മകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട് ;

(ബി) ഈ പോരായ്മകൾ പരിഹരിക്കുന്നതിന് എന്തു തുക ആവശ്യമായി വരുമെന്നും ഇത് എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ വിനോദസഞ്ചാര വികസനം ഏതെല്ലാം വകുപ്പുകളും രംഗങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു ;

(ഡി) വിനോദസഞ്ചാര വികസനത്തിന്റെ പേരിൽ ഈ വകുപ്പുകളും രംഗങ്ങളും പരിപോഷിപ്പിക്കുവാൻ എന്തെല്ലാം പരിപാടികളുണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കുള്ള യാത്രാസൗകര്യങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ശുദ്ധജല വിതരണം, ഖരമാലിന്യ മലിനജല നിർമ്മാർജ്ജനം, വൈദ്യുതി ലഭ്യത എന്നീ പാശ്ചാത്തല സൗകര്യങ്ങളിലാണ് പ്രധാനമായും പോരായ്മകൾ കണ്ടു വരുന്നത്.

(ബി) എന്തുതുക വേണ്ടിവരുമെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല.

(സി) സംസ്ഥാനത്തെ വിനോദസഞ്ചാര വികസനം പല വകുപ്പുകളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഇതിൽ വ്യവസായം. വൈദ്യുതി, തദ്ദേശസ്വയംഭരണം, വനം, ജലസേചനം, പൊതുമരാമത്ത്, പുരാവസ്തു, പ്ലാനിംഗ്, ആഭ്യന്തരം എന്നീ വിഭാഗങ്ങളുമായി പ്രത്യക്ഷ ബന്ധമാണ് വിനോദസഞ്ചാര വികസനത്തിനുള്ളത്.

(ഡി) കേരളത്തിൽ ടൂറിസത്തിന്റെ വികസന സാധ്യതകൾ കണ്ടറിഞ്ഞ് മറ്റ് വകുപ്പുകളുമായി ചേർന്നുകൊണ്ട് നിരവധി സംയുക്ത പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. പ്രകൃതിക്കും പരിസ്ഥിതിക്കും കോട്ടം സംഭവിക്കാതെ, മലയോര ടൂറിസം വികസനത്തിന് ഊന്നൽ നൽകികൊണ്ട് വനം വകുപ്പിന്റേയും ജലസേചന വകുപ്പിന്റെയും വൈദ്യുതി വകുപ്പിന്റെയും സഹകരണത്തോടെ

LIBRARY ARCHIVES Kerala Legislative Assembly

തെന്മലയിൽ ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നു. കോവളം, കുമരകം, ബേക്കൽ, മൂന്നാർ എന്നിങ്ങനെ എല്ലാ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും വിവിധ വകുപ്പുകളുമായി ചേർന്ന് വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

ഹരിപ്പാട് പ്രദേശത്തിന്റെ സമഗ്ര ടൂറിസം വികസനത്തിനായി നടപടി

161 (1096) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് പ്രദേശത്തിന്റെ സമഗ്രമായ ടൂറിസം വികസനത്തിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ എന്നാണ് സർക്കാരിന് ലഭിച്ചത് ;

(ബി) എന്തെല്ലാം പ്രധാന നിർദ്ദേശങ്ങളാണ് അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ;

(സി) അതിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള താമസം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2000 ഫെബ്രുവരി മാസത്തിലാണ് പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചത്.

(ബി) താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് പ്രധാനമായും ഉൾക്കൊള്ളിച്ചിട്ടുള്ളത്.

1.	ടൂറിസ്റ്റ് അമനിറ്റി സെന്റർ	20 ലക്ഷം രൂപ
2.	ഫ്ളോട്ടർ	29.50 ലക്ഷം രൂപ
3.	ജനതാഹൗസ് ബോട്ടുകൾ	25.00 ലക്ഷം രൂപ
4.	ലഗൂൺവില്ലകൾ	49.00 ലക്ഷം രൂപ
5.	ബാത്തിംഗ്ഹോളിഡേ സെന്റർ	37.00 ലക്ഷം രൂപ
6.	യാത്രിനിവാസ്	75.00 ലക്ഷം രൂപ

(സി) പ്രസ്തുത പ്രൊപ്പോസൽ വിശദമായ സാധ്യത പരിശോധനയും സ്ഥല ലഭ്യത ഉറപ്പുവരുത്താനും വിശദമായ എസ്റ്റിമേറ്റ് അടങ്ങിയ പദ്ധതി നിർദ്ദേശങ്ങൾക്കുമായി 2000 മാർച്ച് മാസത്തിൽ ആലപ്പുഴ ഡി.റ്റി.പി.സി യ്ക്ക് നിൽകുകയുണ്ടായി. നിർദ്ദേശിക്കപ്പെട്ട പദ്ധതികൾക്കൊന്നിനും സ്ഥലം ലഭ്യമല്ലെന്നും ഇതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യണമെന്നുമാണ് ഡി.ടി.പി.സി.യുടെ നിർദ്ദേശം. സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെ വൻച്ചെലവ് വരുന്ന പദ്ധതി ഒറ്റയടിക്ക് എടുക്കാൻ ബുദ്ധിമുട്ടാണ്. മുൻഗണനാക്രമത്തിൽ വിഭവ ലഭ്യതയനുസരിച്ച് നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്കുള്ള നിർദ്ദേശം കിട്ടുന്ന മുറക്ക് സാമ്പത്തികസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) അനുയോജ്യമായ സ്ഥലം ലഭ്യമല്ല എന്നതാണ് പ്രധാന കാരണം.

LIBRARY ARCHIVES Kerala Legislative Assembly